# ശ്രീ സി അച്യുത മേനോൻ ഗവൺമെന്റ് കോളേജ് തൃശൂർ, കുട്ടനെല്ലൂർ

## *ലഹരി രഹിത ക്യാമ്പസ് എന്ന സ്വപ്നം*

ലഹരി രഹിത ക്യാമ്പസ് എന്ന സ്വപ്നം മുൻനിറുത്തി, ഈ യജ്ഞത്തിന്റെ തുടക്കമെന്ന നിലയിൽ സെപ്തംബർ 30 ന് രാവിലെ11.30 ന് ശ്രീ സി അച്യുതമേനോൻ ഗവൺമെന്റ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങളെ കുറിച്ച്, കമ്മിറ്റി മെമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ട 50 വിദ്യാർത്ഥികൾക്കായി ആന്റി നാർക്കോട്ടിക് കമ്മിറ്റി കോ ഓർഡിനേറ്റർ ലഫ്. സിജി എം യു ഒരു ലഘു വിവരണ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.



# 6-10-2022(ഉത്ഘാടന കർമ്മ പരിപാടി)

സംസ്ഥാന തല ലഹരി വിരുദ്ധ കാമ്പയിന്റെ ഉത്ഘാടന കർമ്മത്തിന്റെ ഭാഗമായി ശ്രീ സി അച്യുതമേനോൻ ഗവൺമെന്റ് കോളേജിൽ ഒക്ടോബർ 6 ന് രാവിലെ 9 മണിക്ക് കോർപ്പറേഷൻ കൗൺസിലർ ശ്രീമതി ശ്യാമള വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ കോളേജ് സെമിനാർ ഹാളിൽ വച്ച് നടന്ന ചടങ്ങിന് പ്രിൻസിപ്പാൾ ശ്രി. സുരേഷ് എ കെ സ്വാഗതം ആശംസിച്ചു. എൻ സി സി ഓഫീസർ ലഫ്. ഡോ.ഷാജിമോൻ ഐ ജെ ആശംസകൾ നേർന്നു. ആന്റി നാർക്കോട്ടിക് കമ്മിറ്റി കോ ഓർഡിനേറ്റർ ലഫ്. സിജി എം.യു പരിപാടിക്ക് നന്ദി അർപ്പിച്ചു. ഔദ്യോഗിക ചടങ്ങിനു ശേഷം വിദ്യാർത്ഥികൾക്കായി മുഖ്യമന്ത്രിയുടെ ഉൽഘാടന പ്രസംഗം തത്സമയ വീഡിയോ പ്രദർശനം നടത്തി. 80 വിദ്യാർത്ഥികൾ പങ്കെടുത്ത പരിപടി 10.40 ന് അവസാനിച്ചു. അതോടൊപ്പം ക്ലാസ്സുകളിലും അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ വീഡിയോ പ്രദർശനവും ചർച്ചകളും നടന്നു.







10-10-2022

ലഹരി വിരുദ്ധ ക്യാമ്പസ് എന്ന ഉദ്ദേശവുമായി ശ്രീ സി അച്യുതമേനോൻ ഗവൺമെൻറ് കോളേജിലെ റിസർച്ച് ഡിപ്പാർട്ട്മെൻറ് ഓഫ് സൈക്കോളജി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.ഒക്ടോബർ 10,11 ,12, 13 തീയതികളിലായാണ് ക്യാമ്പസും വിദ്യാർത്ഥികളും ഈ ലക്ഷ്യത്തിനായി കൈകോർത്തത്.ഒക്ടോബർ 10 ന് രാവിലെ10 മണിക്ക് സെമിനാർ ഹാളിൽ വച്ച് നടന്ന പരിപാടിക്ക് മേഴ്സി മൈക്കിൾ(വിദ്യാർത്ഥിനി) സ്വാഗതം ആശംസിച്ചു. വകുപ്പ് മേധാവി ഡോ.സുജീഷ റ്റി ജി അദ്ധ്യക്ഷത വഹിച്ച പരിപാടിയുടെ ഉൽഘാടന കർമ്മം പ്രിൻസിപ്പാൾ ശ്രീ സുരേഷ് എ കെ നിർവഹിച്ചു. തുടർന്ന് ഇന്ദു എസ് മേനോൻ ( ക്ലിനിക്കൽ സൈക്കോളജിസ്റ്റ് , ജെനെസിസ് ക്ലിനിക്, കീരൻകുളങ്ങര) വിഷയാവതരണം നടത്തി. ഐ ക്യു എ സി കോ ഓർഡിനേറ്റർ ഡോ.സിജോ വർഗ്ഗീസ് ആശംസകൾ അറിയിച്ചു. ഫഹീമ(വിദ്ധ്യാർത്ഥിനി) നന്ദി പ്രകാശിപ്പിച്ചു











11-10-2022

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് വീര്യം പകരുക എന്ന ഉദ്ദേശത്തോടെ 11-10-2022 ന് രാവിലെ 10 മണിക്ക് ഫ്ലാഷ്മോബ് സംഘടിപ്പിച്ചു . നിരവധി വിദ്യാർത്ഥികൾ പങ്കെടുത്ത പരിപാടി വിദ്യാർത്ഥികൾക്കിടയിൽ ഒരു സംഘബോധം സൃഷ്ടിക്കുന്നതിന് സഹായിച്ചു.












12-10-2022

12-10-2022 ന് ഉച്ചക്ക് 2 മണിക്ക് സെമിനാർ ഹാളിൽ വച്ച് "ഡ്രഗ് ,മൈ ലൈഫ് , മൈ ഫ്രീഡം" എന്ന വിഷയങ്ങളിൽ ഡിബേറ്റ് കോമ്പറ്റീഷൻ നടത്തപെട്ടു.80 ൽ അധികം വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു. പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് പ്രൊഫസർ രഞ്ജിത് കുമാർ സിയും , ഹിന്ദി ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ.ആശാ ജീയുമായിരുന്നു വിധികർത്താക്കൾ . കോളേജ് പ്രിൻസിപ്പൾ ശ്രീ. സുരേഷ് എ.കെയും പ്രോഗ്രാം കോഡിനേറ്റേഴ്സായ മേയ്സി മൈക്കളും , എയ്ഞ്ചൽ മരിയയും സംസാരിച്ചു.







# 13-10-22

ഒക്ടോബർ 13ന് ഉച്ചക്ക് 12.30 ന് കോളേജ് മുതൽ കുട്ടനെല്ലൂർ സെൻ്റർ വരെ വിദ്യാർത്ഥികൾ നടത്തിയ ഘോഷയാത്ര ജനശ്രദ്ധ പിടിച്ചുപറ്റി. ജനങ്ങളിലേക്കിറങ്ങുക എന്ന സദുദ്ദേശത്തിന്റെ ആദ്യ പടിയായ പരിപാടി ആയിരുന്നു അത്. ലഹരിയ്ക്കെതിരായ പോരാട്ടത്തിൽ ചൂട് പിടിച്ചിരിക്കുകയാണ് ക്യാമ്പസും വിദ്യാർത്ഥികളും.








## 14-10-2022 & 17-10-2022


ഒരു മാസം നീണ്ടു നിൽക്കുന്ന സംസ്ഥാന തല ലഹരി വിരുദ്ധ പ്രചാരണത്തിനെ കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിനായി 14-10-2022 ,17-10-2022 എന്നീ തീയ്യതികളിലായി തിരഞ്ഞെടുക്കപ്പെട്ട പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ കോളേജിലെ എല്ലാ ക്ലാസ്സുകളിലും ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.






# 18-10-2022 (മൽസരങ്ങൾ)

ശ്രീ സി അച്യുതമേനോൻ ഗവൺമെന്റ് കോളേജിനെ ലഹരി രഹിത ക്യാമ്പസ് ആക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനത്തിന്റെ ഭാഗമായി കോളേജ് വിദ്യാർത്ഥികൾക്കായി ചെറുകഥ രചന മൽസരവും പോസ്റ്റർ ഉണ്ടാക്കൽ മൽസരവും നടത്തി. മൽസരങ്ങൾ രാവിലെ11.30 ന് മിനി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.31 വിദ്യാർത്ഥികൾ ഈ ദിവസത്തെ മൽസരത്തിൽ പങ്കെടുത്തു. " തീരുമാനം നിങ്ങളുടേത്: പറയൂ ലഹരിയോട് വിട" എന്ന വിഷയത്തിൽ പോസ്റ്റർ ഉണ്ടാക്കൽ മൽസരവും" ലഹരിയുടെ പിരിയൻ ഗോവണിയിൽ നില തെറ്റി വീഴുന്നവർ" എന്ന വിഷയത്തിൽ
ചെറുകഥ രചന മൽസരവും നടന്നു.




GPS Map Camera
Google
null
18/10/22 11:54 AM GMT
+05:30


GPS Map Camera
Google
null
18/10/22 11:54 AM GMT
+05:30


GPS Map Camera
Google
null
18/10/22 11:54 AM GMT
+05:30


GPS Map Camera
Google
null
18/10/22 11:55 AM GMT
+05:30

## 19-10-2022 (മൽസരങ്ങൾ)


19-10-2022 ന് ലഹരി വിരുദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി കോളേജ് വിദ്യാർത്ഥികൾക്കായി മൽസരങ്ങൾ നടത്തി. മൽസരങ്ങൾ രാവിലെ11.30 ന് മിനി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.45 വിദ്യാർത്ഥികൾ 4 മൽസരങ്ങളിലായി പങ്കെടുത്തു. ഉപന്യാസരചന ( മലയാളം, ഇംഗ്ലീഷ്), കവിതാ രചന( മലയാളം, ഇംഗ്ലീഷ്) എന്നീ വിഭാഗങ്ങളിലാണ് മൽസരങ്ങൾ നടത്തിയത്.




GPS Map Camera
Thrissur, Kerala, India
G723+4Q9, Hill Gardens Housing Colony,
Kuttanellur, Thrissur, Kerala 680006, India
Lat 10.500039°
Long 76.254328°
19/10/22 11:59 AM GMT +05:30
Google


GPS Map Camera
Thrissur, Kerala, India
F7X3+VQR, Hill Gardens Housing Colony,
Kuttanellur, Thrissur, Kerala 680006, India
Lat 10.499723°
Long 76.254276°
18/10/22 11:46 AM GMT +05:30
Google


GPS Map Camera
Thrissur, Kerala, India
F7X3+VQR, Hill Gardens Housing Colony, Kuttanellur,
Thrissur, Kerala 680006, India
Lat 10.499788°
Long 76.254339°
19/10/22 12:00 PM GMT +05:30




## 19-10-2022 (സൈക്കിൾ റാലി)

ശ്രീ സി അച്യുത മേനോൻ ഗവൺമെന്റ് കോളേജിലെ ലഹരി വിരുദ്ധ പരിപാടികളുടെ ഭാഗമായി NCC യൂണിറ്റിന്റെ നേതൃത്വത്തിൽ 19-10-2022 ന് ഉച്ചക്ക് 2 മണിക്ക് നടന്ന സൈക്കിൾ റാലി പ്രിൻസിപ്പാൾ ശ്രീ സുരേഷ് എ കെ ഉത്ഘാടനം ചെയ്തു. ലഹരിക്കെതിരായ സന്ദേശങ്ങളടങ്ങിയ പ്ലക്കാർഡുകളുമേന്തി കോളേജിൽ നിന്ന് ആരംഭിച്ച് സമീപ പ്രദേശങ്ങളിലൂടെ 5 കിലോമീറ്റർ യാത്ര നടത്തി കോളേജ് ക്യാമ്പസിൽ അവസാനിച്ചു.




GPS Map Camera
Thrissur, Kerala, India
G723+4Q9, Hill Gardens Housing Colony, Kuttanellur,
Thrissur, Kerala 680006, India
Lat 10.500781°
Long 76.254442°
19/10/22 04:02 PM GMT +05:30
Google


GPS Map Camera
Thrissur, Kerala, India
G723+4Q9, Hill Gardens Housing Colony, Kuttanellur,
Thrissur, Kerala 680006, India
Lat 10.500781°
Long 76.254442°
19/10/22 04:02 PM GMT +05:30
Google


GPS Map Camera
Thrissur, Kerala, India
G723+4Q9, Hill Gardens Housing Colony, Kuttanellur,
Thrissur, Kerala 680006, India
Lat 10.500781°
Long 76.254442°
19/10/22 03:53 PM GMT +05:30
Google


NATIONAL CADETS CORPS
GOVERNMENT COLLEGE
KUTTANELLUR
23(K) BN.NCC
GPS Map Camera
Thrissur, Kerala, India
G723+4Q9, Hill Gardens Housing Colony, Kuttanellur,
Thrissur, Kerala 680006, India
Lat 10.500781°
Long 76.254442°
19/10/22 03:52 PM GMT +05:30
Google

# 19-10-2022( II)

ലഹരി വിരുദ്ധ പരിപാടികളുടെ ഭാഗമായി ശ്രീ സി അച്യുതമേനോൻ കോളേജിലെ NCC കാഡറ്റുകൾ 19-10-2022 ന് വൈകീട്ട് 3 മണിക്ക് ക്യാമ്പസിനുള്ളിലും തുടർന്ന് കുട്ടനെല്ലൂർ സെന്ററിലും നടത്തിയ mime പൊതു ജന ശ്രദ്ധ പിടിച്ചു പറ്റി. വിദ്യാർത്ഥികളിലും പൊതു ജനങ്ങളിലും ലഹരിയുടെ ദൂഷ്യ വശങ്ങളെ കുറിച്ച് ഒരു അവബോധം സൃഷ്ടിക്കുന്നതിന് ഇതുപോലെയുള്ള പരിപാടികൾ സഹായിക്കുമെന്ന് പ്രിൻസിപ്പാൾ അഭിപ്രായപ്പെട്ടു.












## **20-10-2022** (free wall writing)


ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി കോമേഴ്സ് ആന്റ് മാനേജ്മെന്റ് ഡിപാർട്ട്മെന്റ്,20-10-2022 ന് കോളേജ് ക്യാമ്പസിൽ മുൻ വശത്ത് free wall writing സംഘടിപ്പിച്ചു.രാവിലെ 11.30 ന് സംഘടിപ്പിച്ച പരിപാടിയിൽ ബഹുമാനപ്പെട്ട **തൃശൂർ ജില്ലാ കളക്ടർ ശ്രീമതി ഹരിത വി കുമാർ** പങ്കെടുത്തു. പ്രിൻസിപ്പാൾ ശ്രീ സുരേഷ് എ കെ, ആന്റി നാർ കോട്ടിക് കോ ഓർഡിനേറ്റർ ലഫ്. സിജി എം യു, കോമേഴ്സ് അദ്ധ്യാപകൻ പി കെ വിജയൻ എന്നിവർ പങ്കെടുത്തു. ചടങ്ങിൽ മറ്റു അദ്ധ്യാപകരും, അനദ്ധ്യാപകരും, വിദ്യാർത്ഥികളും ലഹരിക്കെതിരെ ശക്തമായി പ്രതിഷേധിച്ചു.തങ്ങളുടെ അഭിപ്രായങ്ങളും ആശങ്കകളും രേഖപ്പെടുത്താനുള്ള ഉചിതമായ അവസരമായിരുന്നുവെന്ന് അഭിപ്രായപ്പെട്ടു.



# ലഹരിക്കെതിരെ ചുമരെഴുതി കലക്ടർ

കുട്ടനെല്ലൂർ


ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ചുമരെഴുതി കലക്ടർ. കുട്ടനെല്ലൂർ കോളേജ് കോമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗം സംഘടിപ്പിച്ച പരിപാടിയിലാണ് കലക്ടർ ഹരിത വി കുമാർ ലഹരിക്കെതിരെ ചുമരെഴുത്ത് നടത്തിയത്. ചടങ്ങിൽ പ്രിൻസിപ്പൽ എം കെ സുരേഷ്, കോളേജ് ആന്റി നാർകോട്ടിക് കൺവീനർ ലഫ്. എം യു സിജി, പി കെ വിജയൻ എന്നിവർ സംസാരിച്ചു. ലഹരിക്കെതിരെ അധ്യാപകരും വിദ്യാർഥികളും പ്രതിജ്ഞയെടുത്തു.



SAY NO TO DRU
COMMERCE - DEPT




ശ്രീ സി അച്യുത മേനോൻ ഗവ. കോളേജ്
തൃശൂർ, കുട്ടനെല്ലൂർ
ലഹരി വിരുദ്ധ പ്രവർത്തന ക്യാമ്പയിൻ
SAY NO TO DRUGS
Thrissur, Kerala, India
G723+4Q9, Hill Gardens Housing Colony, Kuttanellu
Thrissur, Kerala 680006, India
Lat 10.50012°
Long 76.254467°
20/10/22 11:52 AM
Google


GPS Map Camera
Thrissur, Kerala, India
G723+4Q9, Sri.C.Achuthamenon government college, Kuttanellur, Thrissur, Kerala 680006, India
Lat 10.488817°
Long 76.252229°
20/10/22 11:41 AM GMT +05:30




തൃശൂർ, കുട്ടനെല്ലൂർ
SAY NO TO DRUGS
COMMERCE - DEPT

## 21-10-2022 (ദീപ പ്രതിജ്ഞ)

നമ്മുടെ സമൂഹത്തെ ഇരുട്ടിലേക്കാഴ്ത്തുന്ന ലഹരിയെന്ന മഹാ അന്ധകാരത്തിൽ നിന്ന് രക്ഷനേടുക എന്ന ആശയം മുൻനിറുത്തി ദീപാവലി ദിനത്തോടനുബന്ധിച്ച് ശ്രീ സി അച്യുത മേനോൻ ഗവൺമെന്റ് കോളേജിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും അനദ്ധ്യാപകരും ഒന്നായി നിന്ന് ഒക്ടോബർ 21 ന് രാവിലെ11.30 ന് കോളേജിൽ ദീപ പ്രതിജ്ഞ നടത്തി. ബഹു. പ്രിൻസിപ്പാൾ ശ്രീ സുരേഷ് എ കെ , കോമേഴ്സ് വകുപ്പു മേധാവി ശ്രീ എസ് വി രാജ്കുമാറിന് ദീപം കൈമാറി ഉൽഘാടന കർമ്മം നിർവ്വഹിച്ചു. എല്ലാവരും ലഹരി വർജ്ജന പ്രതിജ്ഞ ചൊല്ലി കോളേജ് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. കോളേജിലെ എല്ലാ വിദ്യർത്ഥികളും തങ്ങളുടെ ക്ലാസ്സ് വരാന്തകളിൽ ഇടതു കൈയ്യിൽ ദീപമേന്തി വലതു കൈ നീട്ടി പിടിച്ച് പ്രതിജ്ഞ ചൊല്ലിയാണ് ചടങ്ങ് നടത്തിയത്.







GPS Map Camera
Thrissur,KL,India
Mannuthi Oorakom Road, Kuttanallur,
Thrissur, 680014, KL, India
Lat 10.500036, Long 76.254168
10/21/2022 11:45 AM GMT+05:30


GPS Map Camera
Thrissur, Kerala, India
248, PO, Hill Gardens Housing Colony, Kuttanellur, Thrissur,
Kerala 680006, India
Lat 10.50091°
Long 76.2536°
21/10/22 11:54 AM GMT +05:30
Google



## 25-10-2022 (ബോധവൽക്കരണ സെമിനാർ)

ശ്രീ സി അച്യുത മേനോൻ ഗവൺമെന്റ് കോളേജിൽ ചൊവ്വ (25-10-2022)രാവിലെ 11 മണിക്ക് എല്ലാ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി എക്സൈസ് ഡിപ്പാർട്ടുമെന്റുമായി ചേർന്ന് ലഹരി ദുരുപയോഗത്തെ സംബന്ധിച്ച് ഒരു ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു.350 ൽ പരം വിദ്ധ്യാർത്ഥികൾ പങ്കെടുത്ത പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തിയത് എക്സൈസ് സിവിൽ ഓഫീസർ ശ്രീമതി സതി കെ കെ ആണ്. ആന്റി നാർക്കോട്ടിക്സ് സെൽ കോ ഓർഡിനേറ്റർ ലഫ്. സിജി എം യു സ്വാഗതം പറഞ്ഞ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചത് കോളേജ് പ്രിൻസിപ്പാൾ ശ്രീ എ കെ സുരേഷ് ആണ്. ഇക്കണോമിക്സ് വിഭാഗം അസി.പ്രൊഫസർ ശ്രീമതി ആർ സ്മിത ആശംസകൾ അർപ്പിച്ചു. ചടങ്ങിന് വിദ്യാർത്ഥി കോ ഓർഡിനേറ്റർ കുമാരി. അഞ്ജലി സാജൻ നന്ദി അറിയിച്ചു. മയക്കുമരുന്നിന്റേയും മറ്റു ലഹരികളുടേയും ദൂഷ്യ വശങ്ങളെ കുറിച്ചും നിയമ വശങ്ങളെ കുറിച്ചും വിശദമായ ചർച്ച നടന്നു. ക്ലാസ്സ് 1 മണിക്ക് അവസാനിച്ചു









NO TO DRUGS


GPS Map Camera
Thrissur, Kerala, India
G723+4Q9, Hill Gardens Housing Colony,
Kuttanellur, Thrissur, Kerala 680006, India
Lat 10.500811°
Long 76.254455°
25/10/22 12:10 PM GMT +05:30
Google

## 26-10-2022 (ഫ്ലാഷ് മോബ്)

ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥി ബോധവൽക്കരണമെന്ന ലക്ഷ്യം മുനിറുത്തി ഇക്കണോമിക്സ് വകുപ്പിലെ വിദ്യാർത്ഥികളുടെ ഫ്ലാഷ് മോബ് ഉച്ചക്ക്1 മണിക്ക് ക്യാമ്പസിനകത്ത് നടന്നു. തുടർന്ന് അതേ ലക്ഷ്യത്തോടെ ഇംഗ്ലീഷ് വകുപ്പ് വിദ്യർത്ഥികളുടെ ഫ്ലാഷ് മോബും1.20 ന് നടത്തപ്പെട്ടു. വളരെ നല്ല രീതിയിലുളവിദ്യാർത്ഥി പങ്കാളിത്തമുള്ള ഒരു പരിപാടിയായിരുന്നു.











## 26-10-2022 (**മിനി മാരത്തോൺ**" ജനങ്ങളിലേക്ക് ")

ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി 26-10-2022 വൈകീട്ട് 3.30 ന് വിദ്യാർത്ഥികൾ കോളേജ് ക്യാമ്പസിൽ നിന്ന് അഞ്ചേരി ചിറ വരെ മിനി മാരത്തോൺ നടത്തി.സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,ഒല്ലൂർ ,ശ്രീ ഫയാസ് എഫ് പരിപാടി ഉൽഘാടനം ചെയ്തു. പ്രിൻസിപ്പാൾ ശ്രീ സുരേഷ് എ കെ അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് ആന്റി നാർക്കോട്ടിക്സ് സെൽ കോ ഓർഡിനേറ്റർ ലഫ്. സിജി എം യു സ്വാഗതം പറഞ്ഞു.അദ്ധ്യാപകരായ ശ്രീ രഞ്ജിത് കുമാർ കെ സി, ഡോ.സുജിഷ റ്റി ജി എന്നിവർ ആശംസയും നന്ദിയും രേഖപ്പെടുത്തി. ലഹരി രഹിത ക്യാമ്പസ് എന്ന ലക്ഷ്യം മുൻനിറുത്തി ഒക്ടോബർ 6 മുതൽ നവംബർ1 വരെ കോളേജ് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. " ജനങ്ങളിലേക്ക് "എന്ന ആശയവുമായി നടത്തിയ മാരത്തോണിൽ എഴുപത് വിദ്യാർത്ഥികൾ പങ്കെടുത്തു




GPS Map Camera
Thrissur, Kerala, India
G723+4Q9, Hill Gardens Housing Colony, Kuttanellur,
Thrissur, Kerala 680006, India
Lat 10.500365°
Long 76.25469°
26/10/22 03:45 PM GMT +05:30
Google




SAY NO TO DRUGS






ശ്രീ സി അച്യുത മേനോൻ ഗവ. കോളേജ്
തൃശൂർ, കുട്ടനെല്ലൂർ
ലഹരി വിരുദ്ധ പ്രവർത്തന ക്യാമ്പയിൻ

## 27-10-2022 (ക്വിസ് മൽസരം)

ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി ഇംഗ്ലീഷ്, കോമേഴ്സ് വകുപ്പുകൾ സംയുക്തമായി 27-10-2022 ന് ഉച്ചക്ക് 2 മണിക്ക് മിനി ഓഡിറ്റോറിയത്തിൽ വച്ച് ക്വിസ് മൽസരം സംഘടിപ്പിച്ചു.50 വിദ്യാർത്ഥികൾ പങ്കെടുത്തു.




GPS Map Camera
Thrissur, Kerala, India
F7X3+VQR, Hill Gardens Housing Colony,
Kuttanellur, Thrissur, Kerala 680006, India
Lat 10.499719°
Long 76.254222°
27/10/22 02:13 PM GMT +05:30

GPS Map Camera
Thrissur, Kerala, India
F7X3+VQR, Hill Gardens Housing Colony,
Kuttanellur, Thrissur, Kerala 680006, India
Lat 10.499719°
Long 76.254222°
27/10/22 02:13 PM GMT +05:30


GPS Map Camera
Thrissur, Kerala, India
F7X3+VQR, Hill Gardens Housing Colony,
Kuttanellur, Thrissur, Kerala 680006, India
Lat 10.499729°
Long 76.254216°
27/10/22 02:12 PM GMT +05:30

## 28-10-2022 (നോട്ടീസ് വിതരണം)

ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി പൊതുജന ശ്രദ്ധ ക്കായി നോട്ടീസ് വിതരണം നടത്തി. ലഹരി വസ്തുക്കളുടെ ഉപയോഗവും കൈമാറ്റവും ഒരു പരിധി വരെ തടയുന്നതിൽ ജനങ്ങൾക്കുള്ള പങ്ക് വലുതാണെന്ന് ബോധ്യപ്പെടുത്താൻ ഈ പരിപാടി സഹായിച്ചു. കോളേജ് വിദ്യാർത്ഥികൾ നേതൃത്വം കൊടുത്ത ഈ ശ്രമത്തിന്റെ ഭാഗമായി 500 നോട്ടീസ് പൊതുജനങ്ങൾക്കിടയിൽ വിതരണം ചെയ്തു.

# പൊതുജന ശ്രദ്ധക്ക്

ഇന്നത്തെ സമൂഹത്തെ ഏറ്റവും കൂടുതൽ പിടിച്ചുലയ്ക്കുന്ന മഹാ വിപത്താണ് ലഹരി. ഒരിക്കൽ ഉപയോഗിച്ചാൽ വീണ്ടും വീണ്ടും ഉപയോഗിക്കാൻ തോന്നുന്ന, ജീവനേയും ജീവിതത്തേയും ഒന്നാകെ നശിപ്പിക്കുന്ന ഈ വിഷം വലിയൊരു വെല്ലുവിളിയായി മാറിക്കഴിഞ്ഞു. 14 വയസ്സ് മുതൽ 30 വയസ്സുവരെയുള്ള യുവതലമുറയെയാണ് ഇത് കൂടുതൽ ബാധിക്കുന്നത്. അതുതന്നെയാണ് ഏറ്റവും വലിയ അപകടവും. ചിറകു വിടർത്തി പറക്കേണ്ട, സമൂഹത്തിന്റെ സമ്പത്താകേണ്ടവരെ മയക്കി കിടത്തുന്ന ഈ വിപത്തിനെതിരേ നമുക്കൊരുമിച്ച് പോരാടാം. മയക്കുമരുന്നിനും മറ്റു ലഹരിക്കെതിരെ നിങ്ങൾക്കും പ്രതികരിക്കാം.

മയക്കുമരുന്ന് ഉപയോഗമോ, കൈമാറ്റമോ ശ്രദ്ധയിൽപ്പെട്ടാൽ കേരള പോലീസിന്റെ ആന്റി നാർക്കോട്ടിക് ആർമി നമ്പറിലേക്ക് **(9995966666)** വാട്സ് ആപ് സന്ദേശം അറിയിക്കുക. സന്ദേശമയക്കുന്ന വ്യക്തിയുടെ ഐഡിന്റിറ്റി, സന്ദേശം സ്വീകരിക്കുന്ന പോലീസുകാർക്കുപോലും കണ്ടുപിടിക്കാൻ പറ്റാത്ത രീതിയിലാണ് ആ നമ്പർ ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ തൃശൂർ ഡിവിഷൻ ഓഫീസിലെ നമ്പറിലും **(0487-2361237)** വിവരങ്ങൾ കൈമാറാവുന്നതാണ്. ടോൾ ഫ്രീ നമ്പറായ **14405** ലും നിങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്.

ഏതെങ്കിലും സാഹചര്യത്തിൽ മയക്കുമരുന്നിനോ മറ്റു ലഹരികൾക്കോ അടിമപ്പെട്ടുപോയവരെ സഹായിക്കുന്നതിന്, ചാലക്കുടി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡി അഡിക്ഷൻ സെന്റർ നമ്പറായ **9446277279** ൽ ബന്ധപ്പെടാവുന്നതാണ്.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ആന്റി നാർക്കോട്ടിക്സ് സെൽ**
**ശ്രീ. അച്യുതമേനോൻ ഗവ. കോളജ് തൃശൂർ**






# കേരള സർക്കാറിന്റെ ഒന്നാം സമ്മാനാർഹമായ ഹ്രസ്വ ചിത്രം

ലഹരി ഉപയോഗത്തിനെതിരെ വിദ്യാർത്ഥികൾക്കുള്ള സന്ദേശത്തിനായി ശ്രീ സി അച്യുത മേനോൻ ഗവ.കോളേജ് ഹ്രസ്വ ചിത്രം നിർമ്മിച്ചു. കോളേജിലെ ആന്റി നാർക്കോട്ടിക്സ് സെൽ കോ ഓർഡിനേറ്റർ ലഫ് സിജി എം യു വിന്റെ നേതൃത്വത്തിലാണ് ചിത്രം നിർമ്മിച്ചത്. ചാനൽ പരിപാടിയായ വേറിട്ട കാഴ്ചകളുടെ സംവിധായകനായ പ്രദീപ് നാരായണനാണ് സംവിധാനം. ഡോ.ഉണ്ണികൃഷ്ണൻ തെക്കേപ്പാട്ട് സഹ സംവിധാനവും നിഷാദ് കൊല്ലാഴി ഛായാഗ്രഹണവും അനിൽ നന്ദന ക്യാമറ അസിസ്റ്റന്റായും സുനിൽ പുലിക്കോട്ടിൽ ചിത്രസംയോജനവും റിച്ചാർഡ് അന്തിക്കാട് ശബ്ദ ലേഖനവും നിർവ്വഹിച്ചു. കോളേജിലെ വിദ്യാർത്ഥികളായ നന്ദന ബാബു, അഞ്ജിത സി നമ്പ്യാർ, സാന്ദ്ര എ ദാമു, കൃഷ്ണ നന്ദ, ശ്രീലക്ഷ്മി എന്നിവരും ഓഫീസ് ജീവനക്കാരായ ബൈജു, ഡിക്സൻ, അഖിൽ എന്നിവരാണ് ചിത്രത്തിൽ അഭിനയിച്ചത്.






## ലഹരിവിരുദ്ധ സന്ദേശവുമായി ബോധ്യം

ഒല്ലൂർ

ലഹരി ഉപയോഗത്തിനെതിരെ വിദ്യാർഥികൾക്കുള്ള സന്ദേശവുമായി 'ബോധ്യം ' എന്ന ഹ്രസ്വചിത്രം ഒരുങ്ങി. കുട്ടനെല്ലൂർ സി അച്യുതമേനോൻ ഗവ. കോളേജാണ് ബോധ്യം എന്ന ബോധവൽക്കരണ ചിത്രം ഒരുക്കിയത്.

കോളേജിലെ ലഹരി വിരുദ്ധ വിഭാഗം കോ—ഓർഡിനേറ്റർ ലഫ്റ്റനന്റ് സിജി സന്തോഷിന്റെ നേതൃത്വത്തിലാണ്നിർമിച്ചത്. ചാനൽ പരിപാടിയായ വേറിട്ട കാഴ്ചകളുടെ സംവിധായകനായിരുന്ന പ്രദീപ് നാരായണനാണ് സംവിധാനം.

ഡോ. ഉണ്ണികൃഷ്ണൻ തെക്കേപ്പാട്ട് സഹ സംവിധാനവും നിഷാദ് കൊല്ലാഴി ഛായാഗ്രഹണവും അനിൽ നന്ദന ക്യാമറ അസിസ്റ്റന്റായും, സുനിൽ പുലിക്കോട്ടിൽ ചിത്രസംയോജനവും റിച്ചാർഡ് അന്തിക്കാട് ശബ്ദലേഖനവും നിർവഹിച്ചു. കോളേജിലെ വിദ്യാർഥികളായ നന്ദന ബാബു, അഞ്ജിത സി നമ്പ്യാർ, സാന്ദ്ര എ ദാമു, കൃഷ്ണനന്ദ, ശ്രീലക്ഷ്മി എന്നിവരും ഓഫീസ് ജീവനക്കാരായ ബൈജു, ഡിക്സൻ, അഖിൽ എന്നിവരാണ് ചിത്രത്തിൽ അഭിനയിച്ചത്.








coming soon...
ബോധ്യം
Direction Pradeep Narayanan
Produced by Sri. C. Achutha Menon Govt. College Thrissur

# ബോധപൂർണ്ണിമ അവാർഡ് സ്വീകരണം

ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ ബോധപൂർണ്ണിമ മൽസരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് ഈ ഹ്രസ്വ ചിത്രമാണ് എന്നത് അഭിമാനാർഹമായ നേട്ടമാണ്.




NO
TO
hort by Akhil KS

iQOO 7 · Short by Akhil KS



## 31-10-2022 (" നമ്മളൊന്നായ്")

ലഹരി വിരുദ്ധ പ്രചരണത്തിന്റെ ഭാഗമായി ഒക്ടോബർ31 ന് " നമ്മളൊന്നായ്" എന്ന പേരിൽ പ്രശസ്ത കലാകാരൻമാർ ഒത്തുചേർന്ന കലാസദസ്സ് സംഘടിപ്പിച്ചു. പരിപാടിയിൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അദ്ധ്യാപകനും വ്യത്യസ്തമായ നിരവധി മേഖലകളിൽ പ്രശ്സതനുമായ ഡോ.റ്റി ഉണ്ണികൃഷ്ണൻ സ്വാഗതം ആശംസിച്ചു. പ്രശസ്ത ഹാസ്യസാഹിത്യകാരനും ചലച്ചിത്ര നടനുമായ ശ്രീ നന്ദകിഷോർ പരിപാടി ഉദ്ഘാടനം ചെയ്തു. നർമ്മ പ്രഭാഷകനായ ശ്രീ സജീഷ് കുട്ടനെല്ലൂർ മുഖ്യപ്രഭാഷണം നടത്തി. ഹാസ്യത്തിലൂടെ ലഹരി വർജ്ജന സന്ദേശം നൽകിയത് വേറിട്ട അനുഭവമായി. പരിപാടിക്ക് ആന്റി നാർക്കോട്ടിക്ക്സ് കോ-ഓർഡിനേറ്റർ ലഫ് സിജി എം യു നന്ദി അർപ്പിച്ചു















# 31-10-2022 (കവിയരങ്ങ്, കഥാ അരങ്ങ്)

ഉച്ചക്ക് 2 മണിക്ക് വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പ്രോൽസാഹിപ്പിക്കുന്നതിനായി, കലാലഹരിയാണ് മറ്റേത് ലഹരിയേക്കാളും മുന്നിട്ട് നിൽക്കുന്നത് എന്ന ബോധ്യമുണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെ വിദ്യാർത്ഥികൾക്കായി കവിയരങ്ങ്, കഥാ അരങ്ങ് എന്നിവ നടത്തി. വിദ്യാർത്ഥികർക്കും അദ്ധ്യാപകർക്കും തങ്ങളുടെ സ്വന്തം സൃഷ്ടികളായ കവിത, കഥ എന്നിവ അവതരിപ്പിക്കുവാനുള്ള അവസരമായിരുന്നു. പ്രശസ്ത കവിയും സംവിധായകനും എഴുത്തുകാരനുമായ ശ്രീ വി ജി തമ്പി നയിച്ച കവിയരങ്ങ് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടി. ചടങ്ങിന് ഹിസ്റ്ററി വിഭാഗം അദ്ധ്യാപകനും എഴുത്തുകാരനുമായ ഡോ പി എസ് മനോജ് കുമാർ സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പാൾ ശ്രീ എ കെ സുരേഷ് അദ്ധ്യക്ഷനായ പരിപാടിയിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും സ്വന്തം സൃഷ്ടികൾ മനോഹരമായി അവതരിപ്പിച്ചു. ചടങ്ങിന് ഹിന്ദി വിഭാഗം മേധാവി ഡോ. ആഷ ജി ആശംസകളറിയിച്ചു. കോമേഴ്സ് വിഭാഗം അദ്ധ്യാപിക ഡോ. രജ്ഞിത രാജീവ് പരിപാടിക്ക് നന്ദി അറിയിച്ചു




SAY NO TO DRUGS
GPS Map Camera
Thrissur, Kerala, India
23 (K)Bn NCC,Thrissur ,sree C Achutha menon Govt, College Rd, Hill Gardens Housing Colony, Kuttanellur, Thrissur, Kerala 680006, India
Lat 10.500833°
Long 76.25382°
31/10/22 02:14 PM
Google


GPS Map Camera
Thrissur, Kerala, India
23 (K)Bn NCC,Thrissur ,sree C Achutha menon Govt, College Rd, Hill Gardens Housing Colony, Kuttanellur, Thrissur, Kerala 680006, India
Lat 10.50083°
Long 76.253846°
31/10/22 02:39 PM
Google


SAY NO TO DRUGS


SAY NO TO DRUGS




SAY NO TO DRUGS



SAY NO TO DRUGS


GPS Map Camera
Thrissur, Kerala, India
G723+GRV, Hill Gardens Housing Colony, Kuttanellur,
Thrissur, Kerala 680006, India
Lat 10.500957°
Long 76.253688°
31/10/22 02:36 PM
Google

## 1-11-2022 (ഒന്നാം ഘട്ടം സമാപന ചടങ്ങ്)

സംസ്ഥാന തല ലഹരി വിരുദ്ധ പരിപാടി ഒന്നാം ഘട്ട സമാപന ചടങ്ങ് കേരള പിറവിദിനമായ നവംബർ1 ന് കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. പോലീസ് വകുപ്പിന്റെ സാന്നിദ്ധ്യത്തിൽ നടന്ന പരിപാടി ലഹരി വിരുദ്ധ ഗാനത്തോടെ ആരംഭിച്ചു. കോമേഴ്സ് വിഭാഗം മേധാവി ലഫ് എസ് വി രാജ്കുമാർ ചടങ്ങിന് സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പാൾ ശ്രീ എ കെ സുരേഷ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിന്റെ ഉദ്ഘാടനം അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്, ഒല്ലൂർ ഡിവിഷൻ ശ്രീ പി എസ് സുരേഷ് നിർവ്വഹിച്ചു.
ഒല്ലൂർ ജനമൈത്രി പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ ബിപിൻ ബി നായർ ലഹരി വർജ്ജനത്തെ സംബന്ധിച്ച് മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിന് ഇക്കണോമിക്സ് വിഭാഗം മേധാവി ഡോ.ആർ രമ്യ ആശംസകൾ അറിയിച്ചു. യോദ്ധാവ് വിദ്യാർത്ഥി കോ ഓർഡിനേറ്റർ കുമാരി കെ എം മേഘ നന്ദി അർപ്പിച്ചു. കോളേജിലെ എല്ലാ വിദ്യാർത്ഥികളും പങ്കെടുത്ത ചടങ്ങ് ലഹരി വർജ്ജനത്തിന്റെ ശക്തമായ തെളിവായി.

















## 1-11-2022 (മനുഷ്യ ചങ്ങല)

നവംബർ 1 ന് ഉച്ചക്ക് 3 മണിക്ക് കേരള സർക്കാർ സംസ്ഥാന വ്യാപകമായി നടത്താനുദ്ദേശിച്ചിരുന്ന ലഹരി വിരുദ്ധ മനുഷ്യ ചങ്ങലയുടെ ഭാഗമായി കോളേജ് ക്യാമ്പസിനുള്ളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് മനുഷ്യ ചങ്ങല തീർത്തു. എന്നെന്നേക്കാമായി ലഹരിയെ ഒഴിവാക്കുക എന്ന സന്ദേശത്തിനായി പ്രാതീകാത്മകമായി ലഹരി ഭൂതത്തെ കത്തിക്കുന്ന ചടങ്ങോടു കൂടി ഈ ഒരു മാസക്കാലത്തെ ഔദ്യോഗിക പ്രവർത്തനങ്ങൾക്ക് താത്ക്കാലികമായ പരിസമാപ്തിയായി.



നന്ദി... .